**അടിയന്തരപ്രമേയം**

**വണ്ടിപ്പെരിയാർ കേസ്**

<u>മി. സ്പീക്കർ</u>: വണ്ടിപ്പെരിയാറിൽ ആറ് വയസ്സുള്ള കുട്ടിയെ പീഡിപ്പിച്ചുകൊന്ന കേസിലെ പ്രതി പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ചയെത്തുടർന്ന് കുറ്റവിമുക്തനാക്കപ്പെട്ടതുമൂലം കേരള സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നൊരു വിഷയമായതിനാൽ സഭ മുമ്പാകെ ചർച്ച ചെയ്യാൻ പാടില്ലെന്നാണ് റൂളിൽ പരാമർശിച്ചിട്ടുള്ളത്. ഏതായാലും പ്രസ്തുത വിഷയം സഭയുടെ

പരിഗണനയ്ക്കായി വന്നതുകൊണ്ട് അടിയന്തരപ്രമേയാവതരണത്തിന് അനുവാദം നൽകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയത്തിൽ പരാമർശിച്ചിട്ടുള്ള സംഭവത്തിന്മേൽ വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ പോക്സോ നിയമത്തിലെയും ഇന്ത്യൻ പീനൽ കോഡിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നം. 598/2021-ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസിലെ പ്രതിയായ അർജ്ജുൻ എന്നയാളെ അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കി കട്ടപ്പന പോക്സോ പ്രത്യേക കോടതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കട്ടപ്പന പ്രത്യേക പോക്സോ കോടതി കേസിലെ വിചാരണ നടപടികൾ പൂർത്തിയാക്കി പ്രതിയെ വെറുതെവിട്ട് ഉത്തരവായിട്ടുണ്ട്. കോടതിവിധി പരിശോധിച്ച് ആവശ്യമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരികയാണ്. പ്രതിയെ വെറുതെവിട്ട ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന

വിഷയമായതിനാൽ കേസിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് ഏറ്റവും മികച്ച ക്രമസമാധാനനിലയുള്ള സംസ്ഥാനമായി കേരളം ഇതിനകം വിലയിരുത്തപ്പെട്ടിട്ടുണ്ട്. പോലീസിനെ ജനസൗഹൃദമായി മാറ്റിയെടുക്കുന്നതിനും കുറ്റകൃത്യങ്ങളിലെ പ്രതികളെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും കേരളാ പോലീസ് മുൻപന്തിയിലാണ്. തെളിയിക്കാൻ കഴിയാതിരുന്ന നിരവധി കേസുകളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്ന മികവോടെയാണ് പോലീസ് പ്രവർത്തിക്കുന്നത്. അടുത്തിടെയുണ്ടായ ചില കേസുകൾ പോലീസിന്റെ കുറ്റാന്വേഷണ മികവിന്റെ ഉദാഹരണങ്ങളാണ്. തെളിയക്കപ്പെടാതെ കിടന്ന കേസുകൾപോലും തെളിയിച്ച് മുന്നോട്ടുപോകുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യാതൊരു ആക്രമണവും നടക്കരുതെന്നുള്ള നിലപാടാണ് സർക്കാരിനുള്ളത്. റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങളിൽ ശക്തമായ നിയമനടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. സമൂഹത്തോട് പ്രതിബദ്ധത നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ് പോലീസ് പ്രവർത്തിക്കേണ്ടത്. ഇതിനൊരു

വീട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, വണ്ടിപ്പെരിയാറിലെ നിഷ്കളങ്കയായ അഞ്ച് വയസ്സുകാരി ബാലിക ക്രൂരമായ ബലാത്സംഗത്തിനിരയാക്കി നിഷ്ഠൂരവും നിന്ദ്യവുമായ രീതിയിൽ കെട്ടിത്തൂക്കി കൊലപ്പെടുത്തിയ കുറ്റകൃത്യത്തിലെ പ്രതിയെ നിരുപാധികം വിട്ടയച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കട്ടപ്പന പോക്സോ കോടതിയുടെ 11-12-2023-ലെ വിധി ന്യായം കേട്ട് പൊട്ടികരഞ്ഞത് ആ മകളുടെ മാതാപിതാക്കളും സഹോദരനും കുടുംബംഗങ്ങളും മാത്രമായിരുന്നില്ല. പരിഷ്കൃത കേരളമൊന്നാകെ ആ കരച്ചലിൽ പങ്കാളികളാവുകയായിരുന്നു. പ്രസ്തുത വിധി ന്യായം കേരള സമൂഹത്തിൽ വളരെ ചർച്ച ചെയ്യപ്പെട്ടതുത്തന്നെയാണ്. രണ്ടാമതൊരു കുഞ്ഞിനുവേണ്ടിയുള്ള പതിനാല് വർഷത്തെ നീണ്ട കാത്തിരിപ്പിനുശേഷമാണ് ആ മാതാപിതാക്കൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചത്. വാളയാർ സഹോദരിമാരുടെ ദാരുണമായ കൊലപാതക കേസിലെ പ്രതികൾ എങ്ങനെയാണോ രക്ഷപ്പെട്ടത് അതേ രൂപത്തിൽത്തന്നെയാണ് വണ്ടിപ്പെരിയാറിലെ പ്രതിക്കും

രക്ഷയൊരുക്കിയതെന്ന് ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കും. അട്ടപ്പാടിയിലെ മധുവിന്റെ കൊലപാതികൾക്ക് അർഹിക്കുന്ന ശിക്ഷ വാങ്ങി കൊടുക്കുന്നതിനുപകരം അവരെ രക്ഷിക്കുന്ന നടപടി തന്നെയാണ് പ്രോസിക്യൂഷനും അന്വേഷണ ഏജൻസികളും സ്വീകരിച്ചതെന്നതും കേരളത്തെ നടുക്കിയ സംഭവങ്ങളാണ്. വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 598/2021 ആയി ബലാത്സംഗത്തിനും പ്രകൃതിവിരുദ്ധ ലൈംഗികപീഡനത്തിനും കൊലപാതകത്തിനും കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമത്തിനും 11-12-2023-ൽ ചാർജ്ജ് ചെയ്യപ്പെട്ട 474/2021-ാം നമ്പർ കേസിലെ പ്രതിയെ രക്ഷപ്പെടുത്താൻ കളമൊരുക്കത്തക്കവിധത്തിൽ കേസ് അന്വേഷണത്തിൽ വരുത്തിയിട്ടുള്ള ഗുരുതരമായ വീഴ്ചകളും പോരായ്മകളും അക്കമിട്ട് നിരത്തിയിട്ടുണ്ട്. 89 പേജുകളുള്ള വിധിന്യായത്തിൽ ഇതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ചരക്കുളം എസ്റ്റേറ്റ് ലയത്തിനുള്ളിലെ പൂജ മുറിയിൽ അഞ്ചര വയസ്സുകാരി തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയതുമുതൽ ഈ അന്വേഷണം വഴിതെറ്റിക്കാനുള്ള ശക്തമായ ശ്രമങ്ങൾതന്നെയാണ് നടത്തപ്പെട്ടത്. കുട്ടി കളിക്കുന്നതിനിടയിൽ കഴുത്തിൽ ഷാൾ കുടുങ്ങി മരണപ്പെട്ടുവെന്നായിരുന്ന ആദ്യത്തെ പ്രചരണം.

സ്റ്റേഷൻ ഹൗസ് ഓഫീസർ മരണത്തിൽ ദുരൂഹതയൊന്നുമില്ലെന്ന് വെളിപ്പെടുത്തുകയും ചെയ്തു. അതിനുശേഷം പോസ്റ്റുമാർട്ടം ആവശ്യമില്ലെന്ന് ചില ജനപ്രതിനിധികൾ വാദിക്കുകയുണ്ടായി. കുട്ടിയെ ആദ്യം പരിശോധിച്ച ഡോക്ടർതന്നെ ഇത്തരം തെറ്റിദ്ധാരണ പരത്തുന്ന പ്രചരണങ്ങൾ വാസ്തവവിരുദ്ധമാണെന്ന് ഉറപ്പിച്ചു. കുട്ടിയുടെ ശരീരത്തിലെ രഹസ്യഭാഗങ്ങളിലുൾപ്പെടെ കാണപ്പെട്ട മുറിവുകളും പാടുകളും ചൂണ്ടികാണ്ടി പോസ്റ്റ്മാർട്ടം വേണമെന്ന് ഹെൽത്ത് സെന്ററിലെ ഡോക്ടർ നിർദ്ദേശിച്ചു. ഇത്തരത്തിൽ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് എസ്.എച്ച്.ഒ. പീഡനവും കൊലപാതകവും അംഗീകരിച്ചത്. ആദ്യത്തെ എഫ്.ഐ.ആർ-ൽ കേവലം അസ്വാഭാവിക മരണമെന്നായിരുന്നു രേഖപ്പെടുത്തിയിരുന്നതെങ്കിൽ പിന്നീട് കൊലപാതകവും ലൈംഗിക പീഡനവും കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. പ്രോസിക്യൂഷൻ കേസ് എന്തായിരുന്നു? 2019 ജൂണിൽ സ്കൂൾ തുറന്നതിനുശേഷം പലതവണയായി ഈ പിഞ്ചുകുഞ്ഞിനെ പ്രതി അവളുടെ വീട്ടിൽവച്ചുതന്നെ പീഡിപ്പിച്ചിട്ടുണ്ട്. 30-06-2021-ന് ഉച്ചയ്ക്കുശേഷം 2.50-ന് ഇരയുടെ സഹോദരൻ മുടി മുറിക്കാൻ പുറത്തുപോയ സമയം പ്രതി അർജ്ജുൻ കുട്ടിയുടെ വീട്ടിൽ അതിക്രമിച്ച്

കടക്കുകയും ടി.വി കണ്ടുകൊണ്ടിരുന്ന അഞ്ചര വയസ്സുകാരിയെ ബലാത്സംഗം ചെയ്യുകയും തുടർന്ന് ബോധരഹിതയാവുകയും വിവരം പുറത്തുപറയുമെന്ന് ഭയന്ന് അലമാരയിൽനിന്ന് ഷാളെടുത്ത് ഒരറ്റം കുട്ടിയുടെ കഴുത്തിലും മറ്റേയറ്റം തൂങ്ങികിടന്നിരുന്ന പ്ലാസ്റ്റിക് കയറിലും കെട്ടി കൊലപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ ഈ സംഭവത്തിന് ദൃക്സാക്ഷികളില്ലെങ്കിലും ശക്തമായ സാഹചര്യ തെളിവുകൾ ശേഖരിച്ച് കോടതിയിൽ സമർപ്പിച്ച് പ്രതിക്ക് ശിക്ഷ വാങ്ങി കൊടുക്കുന്നതിൽ പോലീസ് പരാജയപ്പെട്ടിരിക്കുന്നു. നാലാം സാക്ഷി സഹോദരൻ മുടി മുറിക്കാൻ പോകുന്ന സമയത്താണ് കൊലപാതകം നടന്നിരിക്കുന്നത്. പ്രതിഭാഗം കുട്ടിയുടെ മരണം ആത്മഹത്യയാണെന്ന വാദം ഉന്നയിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട കോടതി അത് തള്ളുകയാണുണ്ടായത്. വിധിന്യായത്തിലെ Page 37, Para 66 ' I am of the view that a child of such tender age cannot even think of committing suicide after locking the room. So the chances of suicidal hanging is ruled out in the case'. ഈ കേസ് ഹോമിസൈഡ് കൊലപാതകം തന്നെയാണെന്ന് കോടതി ആവർത്തിച്ച് പറയുകയും ചെയ്തിട്ടുണ്ട്. ചോക്ലേറ്റ് വാങ്ങി കൊടുത്തും ഫോൺ

ഉപയോഗത്തിനുകൊടുത്തും പ്രതിക്ക് കുട്ടിയുമായി നല്ല അടുപ്പമുണ്ടായിരുന്നു. സംഭവദിവസവും കുഞ്ഞിന് ചോക്ലേറ്റ് വാങ്ങി കൊടുത്തിരുന്നു. പ്രതി അന്നേദിവസം ഡയറിമിൽക്കും മഞ്ചും വാങ്ങിയിരുന്നതായി ഷോപ്പ് ഉടമകൾ സിആർപിസി 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ കോടതിയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇക്കാര്യങ്ങൾ തെളിയിക്കാൻ പ്രോസിക്യൂഷൻ ഷോപ്പ് ഉടമകളെ സാക്ഷ്യകളാക്കുകയും വിസ്തരിക്കുകയോ ചെയ്തിരുന്നില്ലെന്ന് വിധിന്യായത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത്, സംഭവസ്ഥലത്ത് പോലീസ് എത്തിയത് കൊലപാതകം നടന്നതിന്റെ പിറ്റേദിവസം ഉച്ചയ്ക്കുശേഷമാണ്. 30-ാം തീയതി ഉച്ചയ്ക്കാണ് സംഭവം നടക്കുന്നതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തുന്നത് പിറ്റേ ദിവസം ഉച്ചയ്ക്കുശേഷമാണെന്ന കാര്യം ബഹുമാനപ്പെട്ട കോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. പോലീസ് സ്ഥലത്ത് എത്തിയതിനുശേഷം എന്താണ് സംഭവിച്ചത്; പോലീസ് എന്തിയാലുടൻ അവിടെ നിന്നും തൊണ്ടി മുതലുകൾ ശേഖരിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. പൂജ മുറിയിൽ ബഡ്ഷീറ്റ്, ടൗവൽ, കത്തി എന്നിവയൊന്നും സംഭവദിവസം പോലീസ് ശേഖരിച്ചില്ല. പകരം 3-ാം തീയതിയാണ്

പോലീസ് അവിടെ നിന്നും തൊണ്ടി മുതലുകൾ ശേഖരിക്കുന്നത്. മാത്രമല്ല, തൊണ്ടി മുതലുകൾ ശേഖരിക്കുന്നതിൽ അനാവശ്യമായ കാലതാമസം വരികയും തെളിവുകൾ നശിപ്പിക്കാനുള്ള സാഹചര്യവുമുണ്ടായി. തൊണ്ടി മുതലുകൾ ശേഖരിക്കുമ്പോൾതന്നെ അത് സീൽ ചെയ്ത് ശേഖരിക്കണമെന്നതാണ് നടപടിക്രമം. എന്നാൽ, ഈ തൊണ്ടിമുതലുകൾ പായ്ക്ക് ചെയ്യുകയോ സീൽ ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിധിന്യായത്തിലെ പാരഗ്രാഫ് നമ്പർ 86-ൽ ഇക്കാര്യം പറയുന്നുണ്ട്. 1-7-2021-ന് ശേഖരിക്കേണ്ടിയിരുന്ന തൊണ്ടിമുതൽ 03-07-2021-നാണ് പോലീസ് ശേഖരിച്ചതെങ്കിലും 07-07-2021-വരെ ഇത് അന്വേഷണ ഉദ്യോഗസ്ഥന്റെ  കൈവശം സീൽ/പായ്ക്ക് ചെയ്യാതെ സൂക്ഷിച്ചു. ഇക്കാര്യം കോടതി പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഷാൾ അലമാരയിൽനിന്നും എടുത്തുവെന്നതാണ് പ്രോസിക്യൂഷൻ  ആരോപിച്ചിരിക്കുന്നത്. വിരലടയാള വിദഗ്ധൻ സ്ഥലം സന്ദർശിച്ചെങ്കിലും അദ്ദേഹത്തെക്കൊണ്ട് പരിശോധിപ്പിച്ചിട്ടില്ല, അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുമില്ല. അവിടെ വിരലടയാളം ലഭിക്കാൻ പ്രയാസമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥനോട് വിരലടയാള വിദഗ്ധൻ പറയുകയും കത്ത്

നൽകുകയുംചെയ്തു. എന്നാൽ പ്രസ്തുത കത്ത് കോടതിയിൽ രേഖയായി ഹാജരാക്കിയിട്ടില്ല, അദ്ദേഹത്തെ സാക്ഷിയായി വിസ്തരിച്ചിട്ടുമില്ല, ഇതെല്ലാം വിധിന്യായത്തിൽ പറയുന്നുണ്ട്. അതുപോലെ മറ്റ് പല കാര്യങ്ങളും വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. 'പൂജാമുറിയിൽ കൊലപാതകം' എന്നതിൽ പോലീസിന്റെ കേസ് എന്താണ്? പൂജാമുറിയിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങാനുള്ള കതക് പൂട്ടിയിരുന്നുവെന്നും ജനലിലൂടെയാണ് പ്രതി ചാടി രക്ഷപ്പെട്ടതെന്നും മരണത്തിന്റെ തൊട്ടടുത്ത ദിസമായ ജൂലൈ 1-ാം തീയതി സംഭവസ്ഥല മഹസർ തയ്യാറാക്കുന്ന സമയത്തും കോടതിയിലും അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞിരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഷയിൽ പ്രസ്തുത ജനൽ അടഞ്ഞുകിടക്കുന്ന ജനലാണ്. അടഞ്ഞുകിടക്കുന്ന ജനലിലൂടെ പ്രതി എങ്ങനെപുറത്ത്ചാടും? ഈ വീഴ്ച മറികടക്കുന്നതിനായി പിന്നീട് 17-ാം സാക്ഷിയെ വിസ്തരിക്കുകയും ജനൽ ഭാഗികമായി തുറന്നിട്ടിരുന്നുവെന്ന് മൊഴി നൽകുകയും ചെയ്തു. ഈ മൊഴി കോടതിക്ക് വിശ്വാസമായില്ല. ഇതിൽ പ്രതിഭാഗം പറഞ്ഞത് എന്തായിരുന്നു....

<u>മി. സ്പീക്കർ</u>: ഇത്രയും വിശദാംശങ്ങൾ കോടതിയിൽ പറഞ്ഞാൽപ്പോരേ, ഇത്രയും വിശദീകരിക്കണോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പ്രതിഭാഗത്തിന് അനുകൂലമായിട്ടുള്ള അന്വേഷണ നടപടികളാണ് പോലീസ് സ്വീകരിച്ചത്. ഇത് അസാധാരണമായിട്ടുള്ളൊരു സംഭവമാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണത്തിലെ വീഴ്ചകളാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ കേസിന്റെ പ്രത്യേകത എന്താണ്? വിധിന്യായത്തിലെ പേജ് നമ്പർ 72 -ൽ ഇക്കാര്യങ്ങൾ ഒരു പ്രത്യേക വിഭാഗമായി പറയുന്നുണ്ട്, അത് ഇങ്ങനെയാണ് " Defects in the Investigation" -എന്നതിൽ പോലീസ് അന്വേഷണത്തിലെ അപാകതകളാണ് കോടതി അക്കമിട്ട് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അതിൽ രണ്ടാമത്തെ പോയിന്റായി പറയുന്നത് ഇങ്ങനെയാണ് " The investigating officer inspected the place of occurrence only on the next day of the incident at noon and hence failed to collect all first hand evidence available in the spot."

6-ാമത്തെ പോയിന്റായി ഇങ്ങനെ പറയുന്നുണ്ട്, " The evidence of investigating officer shows that when he visited the place of occurrence on 1-07-2021, he noticed in Ext. P10 that the particular window through which the accused jumped was locked. Thereafter

PW17 was made as a witness to prove that the said window was lying slightly open after the incident. ” -ഇക്കാര്യം ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ ആദ്യം പറഞ്ഞത് ജനൽ പൂട്ടിയിരുന്നുവെന്നാണ്, പിന്നീട് ജനൽ തുറന്ന് കിടന്നുവെന്ന് കാണിക്കാൻ ഒരു സാക്ഷിയെ വിസ്തരിക്കുന്നു. അടുത്തതായി കോടതി നിരീക്ഷിച്ചത് എന്താണ്? എട്ടാമത്തെ പോയിന്റിൽ ഇങ്ങനെ പറയുന്നുണ്ട്,“ He is trying to escape from such a serious lapse happened on his part by merely giving an evasive reason that the finger print expert told him that there is no chance for obtaining chance of finger prints from the place of occurrence.- വിരലടയാള വിദഗ്ദ്ധനെ ഒരു സാക്ഷിയായി വിസ്തരിക്കുകയോ ആ റിപ്പോർട്ട് ശേഖരിക്കുകയോ അദ്ദേഹം കൊടുത്തതായി പറയപ്പെടുന്ന കത്ത് കോടതിയിൽ ഹാജരാക്കുകയോ ചെയ്യാത്തിന് അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുള്ള മുടന്തൻ ന്യായത്തെയും മുട്ടുശാന്തി പോലെയുള്ള അന്വേഷണത്തെയുമാണ് കോടതി എതിർക്കുന്നത്. അവസാനമായി കോടതി ഇങ്ങനെ പറയുന്നു - “ Thus I find that adopting lethargic

attitude throughout the investigation and unscientific way of collecting of evidence without showing the shrewdness and intelligence reasonably expected from an investigating officer, seriously affected the prompt and timely collection of evidence in the case." ഒരു അന്വേഷണ ഉദ്യോഗസ്ഥൻ സാധാരണഗതിയിൽ പാലിക്കേണ്ട ബുദ്ധിപരമായ നിലപാടുകളോ സത്യസന്ധതയോ പാലിക്കാതെ ഈ കേസിൽ പ്രതിയെ സഹായിക്കാനായി തെറ്റായ രൂപത്തിലുള്ള അന്വേഷണമാണ് നടത്തിയതെന്നാണ് കോടതി പറയുന്നത്. ഇക്കാര്യങ്ങളെല്ലാം നമുക്കും അറിയാം. ഇന്നലെ ഏതായാലും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവിടെ പോകുകയും ആ കുടുംബത്തിന് പാർട്ടിയുടെ പേരിലുള്ള ധനസഹായം നൽകുകയുംചെയ്തു. എത്ര കൊല്ലം കഴിഞ്ഞാണ് അവർ ഇങ്ങനെ ചെയ്യുന്നത്? 2021 ജൂൺ മാസത്തിൽ നടന്നൊരു സംഭവത്തിൽ സഹായധനവുമായി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് അവിടെ പോകാൻ തോന്നിയത് 2024-ലാണ്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ടെലിവിഷനിൽ കണ്ടു, അതിൽ അദ്ദേഹം പറയുന്നത്, " പ്രതി മാർക്സിസ്റ്റുകാരനാണ്, പ്രതിയുടെ പിതാവ് ലോക്കൽ കമ്മിറ്റി അംഗമാണ്,

പ്രതി റെഡ് വോളണ്ടിയർ മാർച്ചിൽ പങ്കെടുക്കുന്ന വോളണ്ടിയറും ഡി.വൈ.എഫ്.ഐ.ക്കാരനുമാണെന്നാണ്. ആ പ്രതിയെ സഹായിക്കാനാണ്, ഭരണകക്ഷി അംഗമായ പ്രതിയെ സഹായിക്കാനാണ് ഇത്തരത്തിലുള്ളൊരു കേസിൽ തികച്ചും കൃത്യവിലോപമായിട്ടുള്ളൊരന്വേഷണം നടത്തി പ്രതിയെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചത് വളരെയേറെ പ്രതിഷേധാർഹമാണ്. പണം കൊടുത്താൽ ആ കുട്ടിയുടെ രക്തത്തിന് വിലയാകുമോ; ആ കുഞ്ഞിന്റെ ജീവനും മകൾ നഷ്ടപ്പെട്ട, മാനം നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് ഇത് പരിഹാരമാകുമോ? ഈ കേസന്വേഷണം തികച്ചും ഏകപക്ഷീയമായാണ് നടന്നത്, സത്യത്തിൽ പ്രോസിക്യൂഷൻ ഒരു കേസിലെ സാക്ഷികളെ വിസ്തരിക്കുമ്പോൾ കോടതി സാധാരണ പറയുന്നപോലെ ഒരു പ്രത്യേക സാക്ഷി, പ്രതിഭാഗം ചേർന്നാൽ ആ സാക്ഷിയെ വേണമെങ്കിൽ കോടതിക്ക് 'declared hostile', അതായത് പ്രതിഭാഗം ചേർന്നതായി പ്രഖ്യാപിക്കാം, Here the entire prosecution should be declared as hostile,- പ്രോസിക്യൂഷൻ മുഴുവനായും, അന്വേഷണ ഏജൻസികൾ മുഴുവനായും പ്രതിഭാഗം ചേരുന്ന കാഴ്ചയാണ് നാം ഇവിടെ കണ്ടത്. അപ്പോൾ ഭരണകൂടം

എന്താണ് ചെയ്യേണ്ടത്; അതിന്റെ കടമ എന്താണ്? ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നതാണ് ഒരു ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട കടമ. അവിടെ കുട്ടികളുടെ മാനം സംരക്ഷിക്കുകയാണ് ചെയ്യേണ്ടത്. അന്വേഷണ ഏജൻസികളും പോലീസും അങ്ങനെ ചെയ്യേണ്ടവരായിട്ടുപോലും പ്രതികളെ സംരക്ഷിക്കുന്ന തരംതാണ നിലയിലുള്ള അന്വേഷണമാണ് നടത്തിയതെന്നത് പകൽപോലെ വ്യക്തമാണ്. ഇതിലെ അന്വേഷണ ഉദ്യോഗസ്ഥനെതിരെ ഇതിനുമുമ്പും ഇത്തരത്തിലുള്ള ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. സമാനമായ കേസുകളിൽ കുറ്റകരമായ അന്വേഷണം നടത്തിയതിന് അയാൾക്കെതിരെ നടപടിയെടുക്കണമെന്ന് റിപ്പോർട്ടും വന്നിട്ടുണ്ട്. എന്നാൽ അദ്ദേഹത്തെ രക്ഷിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എന്താണ്, ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണ ഉദ്യോഗസ്ഥനെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇത്തരമൊരു കുറ്റകൃത്യത്തിന് കൂട്ടുനിന്ന അന്വേഷണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിയുടെ ഭാഗമായി സസ്പെൻഷൻ നൽകി ഈ കേസിൽ പുനരന്വേഷണത്തിന് ഉത്തരവിടണമെന്ന്

ആവശ്യപ്പെടുന്നു. അടിയന്തര ഗൗരവമുള്ള വിഷയമായതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത്യന്തം നിർഭാഗ്യകരമായ ഒരു കാര്യമാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ശ്രദ്ധേയമായൊരു കോടതിവിധിയാണിത്. സാധാരണനിലയിൽ നമ്മുടെ സംസ്ഥാനത്ത് സംഭവിക്കാൻ പാടില്ലാത്ത തരത്തിലുള്ളൊരു കോടതി വിധിയാണ് ഇതിലൂടെ പുറത്തുവന്നത്. കാരണം മിക്കവാറും എല്ലാ കേസുകളിലും വളരെ ഫലപ്രദമായി കോടതിയിൽ കാര്യങ്ങൾ എത്തിക്കുകയും അതിന്റെ ഭാഗമായുള്ള ശിക്ഷാവിധി കോടതിയിൽനിന്നും ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഇടുക്കി ജില്ലയിൽത്തന്നെ ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ 2022-ൽ രജിസ്റ്റർ ചെയ്ത 464/2022-ാം നമ്പർ കേസിൽ മൂന്ന് പ്രതികളെ ദേവികുളം പ്രത്യേക പോക്സോ കോടതി 90 വർഷത്തെ കഠിനതടവിനാണ് ശിക്ഷിച്ചത്. ഇത് ഒറ്റപ്പെട്ടൊരു സംഭവമല്ല. അന്വേഷണമികവും കുറ്റവാളികളെ കണ്ടെത്തിയതും കോടതിയിൽനിന്നും പ്രതികൾക്ക് കൃത്യമായി ശിക്ഷ വാങ്ങിക്കൊടുത്തതുമടക്കം ഒട്ടേറെ ഉദാഹരണങ്ങളുണ്ട്, ഇതുസംബന്ധിച്ച ഒരു

വലിയ പട്ടികതന്നെ എടുത്തുകാണിക്കാൻ സാധിക്കും. പക്ഷേ വണ്ടിപ്പെരിയാർ കേസിൽ സംഭവിച്ചിട്ടുള്ളത് തീർത്തും നിർഭാഗ്യകരമായ കാര്യമാണ്. പ്രസ്തുത കേസ് സംബന്ധിച്ച് വിശദമായ അപ്പീൽ കൊടുക്കുകയെന്നതാണ് അതിൽ ആദ്യം ചെയ്യാനുള്ളത്. ഇതുസംബന്ധിച്ച അപ്പീൽ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. അങ്ങനെ ചെയ്തത് നടപടിക്രമങ്ങളുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. മറ്റൊരു ഭാഗത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചത്. ഈ വിധിയിൽ കോടതിയുടെ ചില പരാമർശങ്ങളുണ്ട്, അതൊക്കെത്തന്നെ ഗൗരവമായ പരാമർശങ്ങളായിത്തന്നെയാണ് സർക്കാർ കാണുന്നത്. അതുമായി ബന്ധപ്പെട്ട വകുപ്പുതല പരിശോധനയും അന്വേഷണവും നടത്താൻ നേരത്തെ നിർദ്ദേശിച്ചതിൻപ്രകാരം ആയത് നടന്നുകൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ വീഴ്ചകളോ വച്ചുപൊറുപ്പിക്കുന്ന അവസ്ഥയുണ്ടാവില്ല. അത്തരം വീഴ്ചകളോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ കർക്കശമായ നടപടിതന്നെ ഗവൺമെന്റിൽനിന്നും ഉണ്ടാകുമെന്ന് ഉറപ്പുനൽകുകയാണ്. ഇക്കാര്യത്തിൽ ഒരുതരത്തിലുമുള്ള ആശങ്കയും ആവശ്യമില്ല. പ്രതിയുടെയോ

അയാളുടെ അച്ഛന്റേയോ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ നിലപാടുകൾ ഒരിക്കലും ഗവൺമെന്റിനെ സ്വാധീനിക്കുന്നതല്ല. ഹതഭാഗ്യയായ ആ കുട്ടിയുടെയും കുടുംബത്തിന്റെയും പ്രശ്നമാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്. ആ കാര്യത്തിൽ എന്തെല്ലാംതരത്തിലുമുള്ള കർക്കശമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടോ, അതിന്റെ അങ്ങേയറ്റംവരെ പോകാൻ സർക്കാർ തയ്യാറാകുമെന്നുകൂടി പറയാൻ തയ്യാറാവുകയാണ്. അതുകൊണ്ട് ഈ പ്രശ്നം ഉന്നയിച്ച ബഹുമാന്യനായ അംഗത്തോട് ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്നാണ് പറയാനുള്ളത്. നിയമനടപടികൾ ഒരുഭാഗത്ത് നടക്കുന്നുണ്ട്, വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട കർക്കശ നടപടിയിലേയ്ക്കും സർക്കാർ നീങ്ങുമെന്നുകൂടി പറയുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു പ്രശ്നമായി നിലനിൽക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിധിന്യായം വായിച്ചാൽ കേരളം മുഴുവൻ അപമാനഭാരത്താൽ തലകുനിച്ചുപോകും. ഇതിലെ വിശദാംശങ്ങളിൽ Justice shall be done, even if the heavens falls എന്നാണ് ക്രിമിനൽ നിയമത്തിൽ പറയുന്നത്. ഇവിടെ എന്തുനീതിയാണ് നടപ്പിലാക്കുന്നത്? ഈ സംഭവം നടന്ന അന്നുമുതൽ പ്രതിയെ രക്ഷപ്പെടുത്താൻവേണ്ടിയുള്ള ശ്രമങ്ങളുടെ പരമ്പരയാണ് ഇവിടെ നടക്കുന്നത്. അതാണ് ഈ ജഡ്ജ്മെന്റിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ സമയത്തും പ്രോസിക്യൂഷൻ നടപടികളുടെ സമയത്തും മുഴുവൻ തെളിവുകളും നശിപ്പിച്ചു. സാക്ഷിമൊഴികളില്ലാത്ത, ദൃക്സാക്ഷികളില്ലാത്ത കേസിൽ സാഹചര്യ തെളിവുകളുടെയും ഫോറൻസിക് തെളിവുകളുടെയും അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ക്രൂരമായൊരു ഹീനകൃത്യം തെളിയിക്കപ്പെടുന്നത്. അത് തെളിയിക്കാനുള്ള എല്ലാ സാധ്യതകളും ആദ്യദിവസം മുതൽ അന്വേഷണ ഉദ്യോഗസ്ഥർ ഇല്ലാതാക്കുകയാണ്. തുടക്കം മുതൽ തന്നെ ആത്മഹത്യയാണെന്നുപറഞ്ഞുള്ള അതിവ്യാപകമായ പ്രചരണമാണ് നടത്തുന്നത്. ആശുപത്രിയിൽ പോസ്റ്റുമോർട്ടം ചെയ്യേണ്ടതില്ലെന്നുപറഞ്ഞ്

നിർബന്ധിക്കുകയാണ്. ആ സമയത്തും പ്രതി അവരുടെ കൂടെ തന്നെയുണ്ട്. എന്റെ കൊച്ചിനെ പോസ്റ്റുമോർട്ടം ചെയ്യാൻ ഞാൻ സമ്മതിക്കില്ലെന്ന് പറഞ്ഞ് പ്രതി ഉറക്കെ നിലവിളിക്കുകയാണ്. അതിനോടൊപ്പം ജനപ്രതിനിധികളായ കുറെപേർ ചേർന്ന് പോസ്റ്റുമോർട്ടം ഒഴിവാക്കാനുള്ള തീഷ്ണമായ പരിശ്രമമാണ് യഥാർത്ഥത്തിൽ അവിടെ നടന്നത്. ലജ്ജിപ്പിക്കുന്ന സംഭവമാണിത്. എന്നിട്ട് ഈ പ്രതിയാണ് കുഞ്ഞിന്റെ മൃതശരീരം ഏറ്റുവാങ്ങുന്നത്, തുടർന്നും ഇയാൾ ആ വീട്ടിൽ വരികയാണ്. അവിടെയാണ് സുപ്രധാനമായൊരു തെളിവിനെപ്പറ്റി ശ്രീ. സണ്ണി ജോസഫ് ഇവിടെ പറഞ്ഞത്. ഈ സംഭവം നടക്കുന്നതിന്റെ തൊട്ടുമുമ്പ് വാതിൽ തുറന്നുകിടക്കുകയായിരുന്നുവെന്ന് കണ്ടൊരു ദൃക്സാക്ഷിയുണ്ടായിരുന്നു. ആ ജനാലയുടെ വാതിൽക്കൂടിയാണ് പ്രതി രക്ഷപ്പെട്ടത്. രണ്ടാമത് പ്രതി വീടിനകത്തുകയറി ജനാലയുടെ കൊളുത്തിട്ടു. അപ്പോൾ പോലീസ് കൊടുത്ത സ്റ്റേറ്റുമെന്റിൽ ജനാലയിൽ കൊളുത്തിട്ടിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ പ്രതിക്ക് അകത്തുകയറാനുള്ള യാതൊരുവിധ സാധ്യതകളോ തെളിവുകളോ അവിടെ ഇല്ല. ഇത്തരം സംഭവങ്ങളൊക്കെ കഴിഞ്ഞിട്ടും പ്രതി വീണ്ടും ഈ വീട്ടിൽ നടക്കുകയാണ്. പ്രതി തന്നെ ജനാലയുടെ

കൊളിത്തിടുകയാണ്. തുടർന്ന് ജനാല പൂട്ടിക്കിടക്കുയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് കൊടുക്കുകയാണ്. പ്രതിയെ കൃത്യമായി ചോദ്യം ചെയ്തിരുന്നെങ്കിൽ അവൻ തന്നെയാണ് ജനാല അടച്ചതെന്ന് കൃത്യമായ വിവരം കിട്ടുമായിരുന്നു. പോലീസിന് അതറിയാം. അറിഞ്ഞിട്ടും തെളിവുകൾ നശിപ്പിക്കാൻ വേണ്ടി മനഃപൂർവ്വമായ ശ്രമമാണ് നടത്തിയത്. വിധി വന്നതിനുശേഷം ഈ പെൺകുട്ടിയുടെ പിതാവും മുത്തച്ഛനും ആക്രമിക്കപ്പെട്ടു. ഇന്ത്യയിൽ നടന്ന ഏറ്റവും ഹീനമായ കേസെന്നുപറയുന്നത് ഉന്നാവോയിലെ കേസാണ്. ഉന്നാവോയിൽ പീഡിപ്പിക്കപ്പെട്ട സ്ത്രീയെ അതിനുശേഷം പ്രതികൾ തീ കൊളുത്തി കൊന്നു. ആ പെൺകുട്ടിയുടെ അച്ഛൻ ജുഡീഷ്യൽ കസ്റ്റഡിയിൽ കിടന്നു മരിച്ചു. ഇവരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് സജീവമായി കോടതിയിൽ പോയിക്കൊണ്ടിരുന്ന രണ്ട് ബന്ധുക്കൾ ദുരൂഹ സാഹചര്യത്തിൽ അപകടത്തിൽ കൊല്ലപ്പെട്ടു. ഇനി ആ കേസില്ല. അതുപോലെ ഈ കേസ് വെറുതെ വിട്ടതിനുശേഷം പെൺകുട്ടിയുടെ പിതാവിനെയും മുത്തച്ഛനെയും ആക്രമിക്കുകയാണ്. ആക്രമിച്ച പ്രതി എങ്ങോട്ടാണ് ഓടിക്കയറിയത്? സി.പി.ഐ.(എം) പാർട്ടി ഓഫീസിലേയ്ക്കാണ് കയറി ചെന്നതെന്ന കൃത്യമായി വാർത്തകൾ വന്നതാണ്.

ഇതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്സിന്റെ പ്രകടനം നടന്നു. സ്വാഭാവികമായി രാഷ്ട്രീയ പാർട്ടികൾ, മഹിളാ സംഘടനകൾ, രാഷ്ട്രീയ ഇതര സംഘടനകൾ എന്നിവരുൾപ്പടെ ഈ സംഭവത്തിനെതിരെ സമരം ചെയ്തു. ഞങ്ങളുടെ സമരം കടന്നുപോകുമ്പോൾ സി.പി.ഐ.(എം)-കാർ വാരിക്കുന്തവും ബിയർ കുപ്പികളും പിടിച്ചുനിൽക്കുന്ന ഫോട്ടോ മാധ്യമങ്ങളിൽ വന്നതാണ്. സർ. സി. പി. രാമസ്വാമി അയ്യർക്കെതിയായി വാരിക്കുന്തവുമായി സമരം ചെയ്ത പാരമ്പര്യമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതെന്ന് ഇന്നലെ ആരോ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. ശരിയാണ്, ഇന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി വാരിക്കുന്തവുമായി കാവൽ നിൽക്കുന്നത് ഈ കേസിലെ പ്രതിയെ സംരക്ഷിക്കാനാണ്. കണ്ടില്ലേ ചിത്രം? വാരിക്കുന്തവുമായി നിൽക്കുകയാണ്, ബിയറിന്റെ കുപ്പികളാണ് വലിച്ചെറിഞ്ഞത്. ഇതുപോലൊരു സംഭവമുണ്ടായാൽ നാട്ടിൽ പ്രതിഷേധമുണ്ടാവില്ലേ? അപ്പോൾ അങ്ങനെ പ്രതിഷേധിച്ച ആളുകളെ ആക്രമിക്കാനാണ് പാർട്ടിക്കാർ തുനിഞ്ഞത്. അവർ ആദ്യം മുതൽ ഈ കേസിലെ പ്രതിയെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചത്. ഞാൻ ഈ സംഭവമുണ്ടായ ഉടൻതന്നെ അവിടെ സന്ദർശിച്ച് സ്പെഷ്യൽ പ്രോസിക്യൂട്ടറെ

നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കൊരു കത്ത് നൽകി. ഇത് വാളയാറിലെ സംഭവത്തിന്റെ തുടർച്ചയായി മാറരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം സംസാരിച്ചപ്പോൾ കേരളത്തിലെ പോലീസിന്റെ പ്രവൃത്തിയെക്കുറിച്ച് പറഞ്ഞല്ലോ. അട്ടപ്പാടിയിൽ എന്താണ് സംഭവിച്ചത്? ഈ സംസ്ഥാനത്തിന് മുഴുവൻ അപമാനമായി വിശപ്പുമാറ്റാൻ ഭക്ഷണമെടുത്ത് കഴിച്ച മധു എന്ന ആദിവാസി പയ്യനെ കൂട്ടക്കൊല ചെയ്തു. അവന്റെ ചിത്രം നമ്മളെ വേട്ടയാടുകയാണ്. അവന്റെ മുഖം കണ്ടാൽ നമുക്ക് കിടന്നുറങ്ങാൻ കഴിയില്ല. വാളയാറിൽ 9 വയസ്സും 13 വയസ്സും പ്രായമായ പെൺകുട്ടികളെ ഇതുപോലെ ക്രൂരമായി പീഡിപ്പിച്ച് കെട്ടിത്തൂക്കിയില്ലേ; ആ കേസെല്ലാം എവിടെപ്പോയി? ആ കേസിനൊക്കെ എന്തുസംഭവിച്ചു? അട്ടപ്പാടിയിലെ കേസിലും വാളയാറിലെ കേസിലും നിങ്ങളുമായി ബന്ധപ്പെട്ട ആളുകളും പാർട്ടിക്കാരും പ്രവർത്തകരുമുണ്ടായിരുന്നു. എന്നിട്ട് അവരെ സംരക്ഷിക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളാണിതൊക്കെ. പാർട്ടിക്കാർ എത്ര ഹീനകൃത്യം ചെയ്താലും അവരെ നിങ്ങൾ എന്തുവില കൊടുത്തും സംരക്ഷിക്കും. ശ്രീ. സണ്ണി ജോസഫ് അവസാനം വായിച്ച ഒരു വാചകമുണ്ട്. എന്താണ് ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത്? Thus I find that adopting

lethargic attitude throughout the investigation and unscientific way of collecting of evidence without showing the shrewdness and intelligence reasonably expected from an investigating officer, seriously affected the prompt and timely collection of evidence in the case. ഒരു ജഡ്ജ്മെന്റിൽ അന്വേഷണ ഉദ്യോഗസ്ഥനെതിരെ ഇതിൽക്കൂടുതൽ എങ്ങനെയാണ് പറയുന്നത്? ഇതെല്ലാം ഫോറൻസിക് എവിഡന്റ്സിന്റെയും സാഹചര്യ തെളിവുകളുടെയും അഭാവമാണെന്ന് അക്കമിട്ട് പറഞ്ഞിരിക്കുകയാണ്. Evidence Act-ന്റെ അടിസ്ഥാനകാര്യങ്ങൾ പോലും അറിയാത്ത ഒരു അന്വേഷണ ഉദ്യോഗസ്ഥനെയാണോ ഇതുപോലുള്ളൊരു കേസ് അന്വേഷിക്കാൻ വിട്ടത്. തൊണ്ടി മുതലുകൾ പോലും സീൽ ചെയ്യാതെയാണ് കൊണ്ടുവന്നത്. ഒരു സംഭവം നടന്ന സ്ഥലത്തുനിന്നും തെളിവുകൾ ശേഖരിക്കുമ്പോൾ ചെയ്യേണ്ട അടിസ്ഥാനപരമായ ചില ആദ്യപാഠങ്ങളുണ്ട്. അതറിയാത്ത ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർമാരാണോ നിങ്ങളുടെ എസ്.എച്ച്.ഒ.മാർ? ഇതൊന്നും അവർക്ക് അറിയാൻ പാടില്ലാത്തതല്ലോ, അവർ അന്വേഷിക്കുന്ന ആദ്യത്തെ കേസൊന്നുമല്ലല്ലോ ഇത്. അവിടെ നിന്നും കണ്ടെടുത്ത

തൊണ്ടിമുതലുകളൊന്നും സീൽ ചെയ്തിട്ടില്ല. സംഭവസ്ഥലത്തുനിന്നും ആവശ്യമായിട്ടുള്ള യാതൊരു വിവരങ്ങളും ശേഖരിച്ചിട്ടില്ല. തുണി ഉൾപ്പെടെയുള്ള കാര്യങ്ങൾ....... ജഡ്ജ്മെന്റിൽ ആദ്യം പറഞ്ഞിരിക്കുന്നത് ഒരാൾ തൂങ്ങി മരിച്ചാൽ അല്ലെങ്കിൽ തൂക്കികൊന്നാൽ രക്തം, മലമൂത്രവിസർജ്ജനം എന്നിവയുടെ സാന്നിധ്യം അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ട സുപ്രധാനമായ കാര്യങ്ങളാണ്. ഇതൊന്നും അന്വേഷണ ഉദ്യോഗസ്ഥൻ ചെയ്തിട്ടില്ല. ഇത്രയും വലിയൊരു സംഭവം നടന്നിട്ടും സംഭവദിവസം പോലും അന്വേഷണ ഉദ്യോഗസ്ഥർ വീട്ടിൽ പോയില്ല. പിറ്റേദിവസമാണ് അദ്ദേഹം പോകുന്നത്. അതാണ് lethargic attitude എന്നുപറയുന്നത്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വന്ന് പോലീസിനെ പ്രശംസിക്കുകയാണ്. ഇത് നാടിന് മുഴുവൻ അപമാനമല്ലേ? 5 വയസ്സുകാരി പെൺകുട്ടിയെ പീഡിപ്പിച്ച് കൊന്ന് കെട്ടിത്തൂക്കിയശേഷം പോലീസ് ഇതുപോലെയാണ് അന്വേഷണം നടത്തുന്നതെങ്കിൽ എവിടെയാണ് നീതി കിട്ടുന്നത്? ഈ നാട്ടിൽ എവിടെ നീതി കിട്ടും? അട്ടപ്പാടിയും വാളയാറും തന്നെയാണ് വണ്ടിപ്പെരിയാറിലും ആവർത്തിക്കപ്പെട്ടത്. ഇതിനെതിരെ കർശനമായ നടപടി

സ്വീകരിക്കുമെന്നൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഡിസംബർ 14-ാം തീയതി ജഡ്ജ്മെന്റ് വന്നതല്ലേ? ഇന്ന് 2024 ഫെബ്രുവരി 1-ാം തീയതിയായി. ഒന്നര മാസം കഴിഞ്ഞിട്ടും ഇതിനെതിരെ ഒരു ചെറുവിരൽ പോലും അനക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അപ്പീൽ കൊടുക്കുമെന്ന് പറഞ്ഞു. ഇതേ തെളിവുമായല്ലേ അപ്പീൽ പോകുന്നത്. ഇതിനുമുമ്പ് ഒരു വിദേശ പെൺകുട്ടി കൊല ചെയ്യപ്പെട്ട കേസുണ്ടായിരുന്നല്ലോ. റീ-ഇൻവെസ്റ്റിഗേഷൻ നടത്തി കൃത്യമായ തെളിവുകൾ വച്ച് കൊടുത്തപ്പോഴല്ലേ ആ കേസിലെ പ്രതികൾക്ക് ശിക്ഷ വിധിച്ചത്. അപ്പീൽ പോകുന്നത് മാത്രമാണോ നടപടിക്രമം? നിങ്ങൾ എന്ത് നിയമോപദേശമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്? ഇതേ കേസിൽ ഇതേ തെളിവുമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിലേയ്ക്ക് അപ്പീൽ പോയിരിക്കുകയാണ്. ഈ തെളിവുകളും ഈ ജഡ്ജ്മെന്റുമായി ഹൈക്കോടതിയിൽ പോയാൽ ആ കുടുംബത്തിന് എന്ത് നീതി കൊടുക്കാൻ സാധിക്കും? അപ്പോൾ ഒരു റീ ഇൻവെസ്റ്റിഗേഷനുപോലും നിങ്ങൾ മനഃപൂർവ്വം തയ്യാറായില്ല. നിങ്ങളുടെ പാർട്ടിക്കാരുടെ ആവശ്യപ്രകാരം ഈ പ്രതിയെ രക്ഷിക്കുന്നതിനുവേണ്ടി നടത്തിയ മനഃപൂർവ്വമായ ശ്രമമാണിത്.

കേരളത്തിന് മുഴുവൻ അപമാനകരമായ ഈ സംഭവത്തിലെ ഉത്തരവാദി ഒന്നാം പ്രതി സർക്കാരാണ്. സർക്കാരിന്റെ അലംഭാവത്തിലും നിസംഗതയിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വണ്ടിപ്പെരിയാറിൽ ആറുവയസുകാരിയായ പെൺകുഞ്ഞിന്റെ വളരെയധികം സങ്കടകരമായ കൊലപാതകത്തിൽ അന്വേഷണവും തെളിവ് ശേഖരണവും ശരിയല്ല എന്നുള്ളത് ഏറെക്കുറെ വ്യക്തമായ സാഹചര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തി ആവശ്യമായ നടപടിയെടുക്കാൻ കാലതാമസം വരുത്തേണ്ട ഒരു കാര്യവുമില്ല. ഇത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. ഇവിടെ പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്തിട്ടില്ല എന്നുള്ളത് ഇന്നത്തെ ചർച്ചയിൽനിന്ന് വ്യക്തമാണ്. ഇതുപോലൊരു സംഭവമുണ്ടായാൽ വളരെ പെട്ടെന്നുതന്നെ പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങൾ കരുതിക്കൂട്ടി ചെയ്യാതിരുന്നുവെന്നാണ് ഇവിടെ നടന്ന ചർച്ചയിൽനിന്നും

റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നത്. അതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിൽ കാലതാമസമുണ്ടാകുന്നത് ഏറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചുകൊന്ന കേസിന്റെ അന്വേഷണത്തിൽ ഒത്തുകളി നടന്നുവെന്നത് തീർച്ചയായും പ്രതിഷേധാർഹമാണ്. ഈ വിഷയം ഗവൺമെന്റ് ആവശ്യമായ ഗൗരവത്തിൽ കാണുന്നില്ല എന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചമൂലമാണ് വണ്ടിപ്പെരിയാറിൽ ഒരു കൊച്ചുകുട്ടിയെ പീഡിപ്പിച്ചുകൊന്ന നിർഭാഗ്യകരമായ സംഭവത്തിൽ പ്രതി കുറ്റവിമുക്തനാക്കപ്പെട്ട സാഹചര്യമുണ്ടായത്. ഇതിനെ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, പോലീസിന്റെയും

പോസിക്യൂഷന്റെയും ഭാഗത്തുനിന്ന് തുടക്കം മുതലുണ്ടായ നിരന്തരമായ വീഴ്ച ഒരുതരത്തിലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ഇത്രയും ഗുരുതരമായ വീഴ്ചയുണ്ടായപ്പോൾ സർക്കാരും നിസ്സംഗതയോടെ കയ്യുംകെട്ടി നിൽക്കുകയും പ്രതികളെ സംരക്ഷിക്കുന്ന നിലപാടെടുക്കുകയും ചെയ്തുവെന്ന കാര്യമാണ് പുറത്തുവരുന്നത്. കേരള മനസ്സാക്ഷിയെ ഞെട്ടിച്ച, ഇത്രയും പ്രതിഷേധാർഹമായ സംഭവത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉത്തരവാദിത്വപൂർണ്ണമായ നിലപാടുണ്ടാകേണ്ടതായിരുന്നു. പ്രതി രക്ഷപ്പെട്ട സാഹചര്യത്തിൽ ഇവിടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വണ്ടിപ്പെരിയാർ സംഭവത്തിൽ പോലീസിനും പ്രോസിക്യൂഷനും സംഭവിച്ചിരിക്കുന്ന വീഴ്ച ബഹുമാനപ്പെട്ട കോടതിതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ അന്വേഷണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുകയാണ് ഗവൺമെന്റ് ആദ്യം ചെയ്യേണ്ടത്. ഭാവിയിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ ആവർത്തിക്കരുതെന്ന്

അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്നറിയിപ്പ് നൽകാനുള്ള ഇടപെടലെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അത്തരത്തിലുള്ള ഇടപെടലുണ്ടായിട്ടില്ല. പോക്സോ കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രതിപാദിച്ചു. മറ്റ് ധാരാളം കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിക്കുമ്പോഴും, വണ്ടിപ്പെരിയാർ കേസ് നമ്മുടെ മുന്നിലുള്ളപ്പോൾ ഇതിലെ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നത് കേരളത്തിലെ പൊതുസമൂഹത്തിന് വളരെ കളങ്കിതമായൊരു സാഹചര്യമാണുണ്ടാക്കുന്നത് എന്ന കാര്യം ഗവൺമെന്റ് തിരിച്ചറിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ കേസിൽ പുനരന്വേഷണമുണ്ടാകേണ്ടതുണ്ട്. യഥാർത്ഥ പ്രതിയെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് ശിക്ഷ വാങ്ങി നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ഗവൺമെന്റ് ഇക്കാര്യം നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, വണ്ടിപ്പെരിയാറിലുണ്ടായിരിക്കുന്നത് ദാരുണമായ സംഭവമാണ്. പ്രോസിക്യൂഷന്റെയും അന്വേഷണ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ കേസ് ഇത്തരത്തിൽ പരാജയപ്പെടാനിടയാക്കിയിരിക്കുന്നത്. ആ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. കേസിൽ അപ്പീൽ പോകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ദുർബലമായ തെളിവുകളുമായി അപ്പീൽ പോകുന്നത് പ്രതികളെ വീണ്ടും രക്ഷപ്പെടുത്താൻ വേണ്ടി മാത്രമാണ്. സർക്കാരിന് പ്രതികളെ ശിക്ഷിക്കാനുള്ള ഉദ്ദേശ്യമില്ല എന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ ഈ കേസിൽ അപ്പീൽ പോകുകയല്ല, പുനരന്വേഷണം നടത്താൻ സർക്കാർ തയ്യാറാവുകയാണ് വേണ്ടത്. ആറുവയസുള്ള ആ പെൺകുട്ടിയുടെ വീട്ടുകാർക്ക് നീതി ലഭിക്കാൻ സർക്കാർ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അതാണ്. ആ കാര്യത്തിൽ സർക്കാർ തീരുമാനമുണ്ടാകുമോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇത്രയും ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(ശ്രദ്ധക്ഷണിക്കൽ)